ഉത്തരം

(എ) കെ. എസ്. ആർ. ടി. സി.യുടെ പത്തനംതിട്ട, തിരുവല്ല ഡിപ്പോകളിൽ യഥാക്രമം 62, 55 വീതം ബസ്സുകളും 49, 62 വീതം ഷെഡ്യൂളുകളും ഉണ്ട്.

(ബി) പത്തനംതിട്ട, തിരുവല്ല ഡിപ്പോകളിൽനിന്നും ഏകദേശം 70, 90 ശതമാനം ഷെഡ്യൂളുകൾ ഓപ്പറേറ്റുചെയ്യുന്നുണ്ട്.

(സി) ഇല്ല.

(ഡി) പ്രസ്തുത ഡിപ്പോയിൽ നിന്ന് അടുത്തകാലത്തെങ്ങും സർവ്വീസുകൾ റദ്ദുചെയ്തിട്ടില്ല.

(ഇ) വളരെ മുൻപ് റദ്ദാക്കിയിട്ടുള്ള സർവ്വീസുകൾ പുനരാരംഭിക്കുവാൻ കോർപ്പറേഷന്റെ ഇന്നത്തെ വിഷമസ്ഥിതിയിൽ നിർവ്വാഹമില്ല.

കെ. എസ്. ആർ. ടി. സി.യിലെ റിസർവ് കണ്ടക്ടർമാർ

219 [310] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.യിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന പി. എസ് സി. റിസർവ് കണ്ടക്ടർമാരായി 1985 ഒക്ടോബറിൽ അഡ്വൈസ് ചെയ്തവർക്ക് ആറുമാസമായിട്ടും നിയമനം കിട്ടിയിട്ടില്ലെന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഹരിജനങ്ങളായ പ്രസ്തുത ഉദ്യോഗാർത്ഥികൾക്ക് ഉടൻ നിയമനം നൽകാൻ കോർപ്പറേഷന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കോർപ്പറേഷനിൽ ഇപ്പോഴുതന്നെ സർപ്ലസ് കണ്ടക്ടർമാർ ഉണ്ട്. പ്രൊവിഷണൽ ഉദ്യോഗസ്ഥൻമാരെ പിരിച്ചുവിടാൻ നടപടി എടുക്കേണ്ട പ്രശ്നവും ഗവൺമെന്റ് ശ്രദ്ധാപൂർവ്വം എല്ലാ വശങ്ങളും പരിശോധിച്ചുവരുന്നു. കൂടാതെ തൽക്കാലം കോർപ്പറേഷന്റെ ധനസ്ഥിതിയും മോശമാണ്. പി. എസ്. സി. നിർദ്ദേശിക്കുന്ന സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഉദ്യോഗാർത്ഥികളെ നിയമിക്കുവാൻ സൂപ്പർന്യൂമററി തസ്തികകൾ ഉണ്ടാക്കേണ്ടിവരും. ഈ സ്ഥിതിയിൽ കൂടെ വേക്കൻസികളെങ്കിലും ഉണ്ടാക്കുന്നതുവരെ പ്രസ്തുത ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുവാൻ കോർപ്പറേഷനു കഴിയില്ല. ഈ പ്രശ്നം ഗവൺമെന്റ് പരിഗണിച്ചുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly